**File No.SJD/3828/2020-E1**

<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>

(ഹാജർ: ഷീബ ജോർജ്ജ് ഐ.എ.എസ്)

ഉത്തരവ് നം.SJD/3828/2021-E1

തിരുവനന്തപുരം,
തീയതി. 29/05/2021

വിഷയം: സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം- ശ്രീ.പി.പി.നാരായണൻ- ജില്ല സാമൂഹ്യനീതി ഓഫീസർ തസ്തികയിൽ താൽക്കാലിക ഉദ്യോഗക്കയറ്റ നിയമനം- ചുമതല ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : സ.ഉ.(സാധാ) നം.370/2021/സാ.നീ.വ തീയതി.28/05/2021

സാമൂഹ്യനീതി വകുപ്പിലെ കണ്ണൂർ ജില്ല സാമൂഹ്യനീതി ഓഫീസിൽ സീനിയർ സൂപ്രണ്ടായി സേവനമനുഷ്ഠിച്ച് വരുന്ന ശ്രീ .പി.പി.നാരായണൻ സേവനത്തിൽ നിന്നും 31/05/2021 ൽ പെൻഷൻ പറ്റി വിരമിക്കുകയാണ്. ജീവനക്കാരന് ജില്ല സാമൂഹ്യനീതി ഓഫീസർ തസ്തികയിൽ താൽക്കാലിക ഉദ്യോഗക്കയറ്റ നിയമനം അനുവദിച്ച് കോട്ടയം ജില്ല സാമൂഹ്യ നീതി ഓഫീസിൽ നിയമിച്ച് സർക്കാർ പരാമർശം പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ജീവനക്കാരൻ നിലവിൽ നിർവഹിച്ച് വരുന്ന ചുമതലകൾ ചുവടെ വിവരിക്കും വിധം ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ജീവനക്കാരൻ ഉടൻ പ്രാബല്യത്തിൽ ചുമതല കൈമാറുകയും കോട്ടയം ജില്ല സാമൂഹ്യനീതി ഓഫീസർ തസ്തികയുടെ പൂർണ്ണ അധിക ചുമതല ഏറ്റെടുക്കേണ്ടതുമാണ്.

| ക്രമനം | ജീവനക്കാരന്റെ പേര് തസ്തിക കാര്യാലയം | പൂർണ്ണ അധിക ചുമതല ഏറ്റെടുക്കേണ്ട ജീവനക്കാരന്റെ പേര് തസ്തിക കാര്യാലയം |
|---|---|---|
| 1 | ശ്രീ.പി.പി.നാരായണൻ.<br>സീനിയർ സൂപ്രണ്ട്<br>ജില്ല സാമൂഹ്യനീതി ഓഫീസ് കണ്ണൂർ | ശ്രീ.നാസർ.പി.കെ<br>ജൂനിയർ സൂപ്രണ്ട്<br>ജില്ല സാമൂഹ്യനീതി ഓഫീസ് കണ്ണൂർ<br><br>ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് I<br>ഗവ.വൃദ്ധസദനം കണ്ണൂരിന്റെ പൂർണ്ണ അധികചുമതല ഉൾപ്പെടെ |

ശ്രീ.പി.പി.നാരായണൻ 31/5/2021 ന് സേവനത്തിൽ നിന്നും വിരമിക്കുന്ന സാഹചര്യത്തിൽ ജീവനക്കാരനിൽ നിന്നും കോട്ടയം ജില്ല സാമൂഹ്യനീതി ഓഫീസർ തസ്തികയുടെ പൂർണ്ണ അധിക ചുമതല കോട്ടയം ജില്ല സാമൂഹ്യനീതി ഓഫീസിലെ സീനിയർ സൂപ്രണ്ടായ ശ്രീ.എൻ.പി.പ്രമോദ് കുമാർ 31/5/2021 അപരാഹ്നം പ്രാബല്യത്തിൽ ഏറ്റെടുക്കുകയും വിവരം രേഖാമൂലം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

**File No.SJD/3828/2020-E1**

<u>പകർപ്പ് :</u>

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
2. ജില്ല സാമൂഹ്യനീതി ഓഫീസർ കണ്ണൂർ ,കോട്ടയം
3. ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക്
4. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്